ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരോധനം പിൻവലിക്കുന്നതിനു കേന്ദ്രഗവൺമെൻറിന്റെ അനുമതി ആവശ്യമാണോ?

ശ്രീ. സി. കേശവൻ: ആവശ്യമില്ല. അവർ അനുമതി തരുകയുമില്ല.

RESEARCH COURSE

*292. [39] **Sri. K. A. Mathew:** Will the hon. Minister for Education be pleased to state;

(*a*) whether over a year back applications were invited by the Travancore University for higher practical training and research course and whether committees were formed to scrutinise the applications and recommend the names of those to be selected;

(*b*) whether those candidates recommended by the Committee have been selected;

(*c*) the names of those who have been finally chosen by the University and the subjects for which they have been chosen; and

(*d*) whether the candidates selected by the Committee were left out; if so the reasons for doing so?

Minister for Education and Revenue **(Sri.L. M. Pylee):**

(*a*) Yes.

(*b*) Some of them have been selected.

(*c*) Names of the candidates are;

Sri. R. Raghunandana Rao, Medicine and Public Health.

Miss Mary Ooman, Medicine and Public Health.

Sri. C. V. Paulose, Geology and Mining.

Sri. K. S. Lakshmana Panicker, Banking and Economics.

(*d*) Yes. In view of the financial stringency and the urgent need of qualified and experienced hands in certain departments of study, the Selection Board resolved that only four awards need be made and the University accepted the recommendation.

ശ്രീ. കെ. എ. മാത്യു: ഈ കമ്മിറ്റിയിൽനിന്നും തിരഞ്ഞെടുത്ത ആളുകളെ നിയമിക്കാതെകണ്ടു യൂണിവേഴ്സിറ്റി അധികൃതന്മാർ നേരിട്ട് പുറത്തുനിന്ന ആളെ എടുക്കാൻ കാരണമെന്താണ്?

ശ്രീ. എൽ. എം. പൈലി: അങ്ങനെ ആരെയാണ് എടുത്തതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയാമോ?

ശ്രീ. കെ. എ. മാത്യു: കമ്മിറ്റിയിൽനിന്ന് തിരഞ്ഞെടുത്ത ആളുകളിൽ കുറേപ്പേരെ യൂണിവേഴ്സിറ്റി അധികൃതന്മാർ എടുക്കാതെ വിട്ടുപോയിട്ടുണ്ട് എന്നു പറഞ്ഞിട്ടുണ്ട്. അതിനുള്ള കാരണമെന്താണ്?

ശ്രീ. എൽ. എം. പൈലി: പല സബ്ജക്റ്റ്സിനും പല കമ്മിറ്റികളും ആയിരുന്നു. അവർ റിക്കമെൻറ ചെയ്തിരുന്ന ആളുകളെപ്പറ്റി വേറൊരു കമ്മിറ്റി ആലോചിച്ച് അതിൽനിന്ന നാലുപേരെ എടുത്തു.

ശ്രീ. കെ. എ. മാത്യു: കമ്മിറ്റി തിരഞ്ഞെടുത്ത ആളുകളിൽനിന്ന എടുക്കാതെ പുറത്തുനിന്ന ആളുകളെ എടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

ശ്രീ. കെ. എ. മാത്യു: കമ്മിറ്റി തിരഞ്ഞെടുത്തവരിൽനിന്നും എടുക്കാതെ പ്രാക്ടിക്കൽ ടെയിനിംഗ് ഒന്നും ഇല്ലാത്ത വേറെ വല്ലവരേയും പുറത്തുനിന്ന എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൽ. എം. പൈലി: ഓരോരുത്തരേയും തിരഞ്ഞെടുത്ത രീതിയെപ്പറ്റി ഇവിടെ കിട്ടിയിട്ടുള്ള കടലാസ്സിൽ പറഞ്ഞിട്ടുള്ള വിവരങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്.

ശ്രീ. കെ. എ. മാത്യു: ഈ വിഷയത്തെപ്പറ്റിയുള്ള എല്ലാ വസ്തുതകളും അറിയുന്നതിനായിട്ട് ശ്രമിക്കുമോ?

ശ്രീ. എൽ. എം. പൈലി: എന്റെ അടുത്തിരിക്കുന്ന വിവരത്തിനും പുറമെ വേറെ വല്ല വിവരവും ഉണ്ടോ എന്നു അന്വേഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

വളം

*൨൯൩. (൪൦) ശ്രീ. പി. നാണു. താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൃഷിക്കാർക്ക് പച്ചിലവളം ലഭിക്കുന്നതിനു എന്തെല്ലാം സൗകര്യം ഗവണ്മെന്റ് ചെയ്തുകൊടുത്തിട്ടുണ്ട്?

ധനകാര്യവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

കൃഷിക്കാർക്ക് വളത്തിനു ആവശ്യമായ പച്ചിലകൾ റിസർവ്വ് വനങ്ങളിൽ നിന്നും സൗജന്യമായി ശേഖരിക്കുന്നതിനു ഗവണ്മെന്റിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഡയിഞ്ച, സൺഹെംപ്, മുതലായ (പച്ചിലവളങ്ങൾ ഉല്പാദിപ്പിക്കുന്നതിനു ഉപയുക്തമായ) വിത്തുകൾ കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും കൃഷിക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പച്ചിലവളം ഡിപ്പാർട്ടുമെന്റിൽനിന്നും ഇറക്കുമതിചെയ്തിട്ടുള്ള പദ്ധതിയനുസരിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. പി. നാണു: റിസർവ്വ് വനത്തിൽനിന്നും പച്ചിലകൾ ശേഖരിച്ചുകൊണ്ടുവരുന്നതിനു കൃഷിക്കാർക്ക് വാഹന സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

ശ്രീ. പി. നാണു: വാഹനസൗകര്യം ഇല്ലാത്തതിനാൽ ഗവണ്മെന്റ് അനുവദിച്ചിട്ടുള്ള സൗജന്യംകൊണ്ട് കൃഷിക്കാർക്ക് പ്രയോജനം ഉണ്ടാകുന്നില്ലെന്നു ഗവണ്മെന്റിനു അറിയാമോ?

ശ്രീ. കെ. എം. കോര: പച്ചില ശേഖരിച്ചു കൊണ്ടുപോകുവാനുള്ള വിഷമംമൂലം അതു വേണ്ടെന്നു വയ്ക്കുന്ന കൃഷിക്കാരും ഉണ്ടാകും. എങ്ങനെയെങ്കിലും അതു കൊണ്ടുപോയി കൃഷിയ്ക്കു പ്രയോജനപ്പെടുത്തുന്ന കൃഷിക്കാരും ഉണ്ടാകും.

ശ്രീ. ഇ. പി. പൌലോസ്: റിസർവ്വ് കാട്ടിൽനിന്നു പച്ചിലകൾ ശേഖരിക്കുന്നതിനുള്ള അനുവാദം കൊടുക്കുന്നതു് അഡ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽനിന്നോ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നോ?

ശ്രീ. കെ. എം. കോര: ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നാണ് അനുവാദം കൊടുക്കുന്നതു്.

ശ്രീ. ഇ. പി. പൌലോസ്: മാർഷി ലാൻഡിൽ ഇടുന്നതിനാണെങ്കിൽ കാട്ടിൽനിന്നും പച്ചില ശേഖരിക്കുന്നതിനു അനുവാദം കൊടുക്കുമോ?

ശ്രീ. കെ. എം. കോര: അതിനെ സംബന്ധിച്ചു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly